## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1931** **10.03.2020 – ൽ മറുപടിക്ക്.**

## റേഷൻ മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കൃഷ്ണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ആദ്യം പ്രസിദ്ധീകരിച്ച റേഷൻ മുൻഗണന പട്ടികയിൽ നിന്ന് അനർഹരാണെന്ന് കണ്ടെത്തി എത്ര പേരെയാണ് ഇതുവരെ ഒഴിവാക്കിയിട്ടുള്ളത്; അതിന് പകരമായി എത്രപേരെയാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | **(എ)** | ആദ്യം പ്രസിദ്ധീകരിച്ച റേഷൻ മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരാണെന്നു കണ്ടെത്തി 4,76,568 കുടുംബങ്ങളെ ഇതുവരെ ഒഴിവാക്കിയിട്ടുണ്ട്. അതിനു പകരമായി 4,68,568 കുടുംബങ്ങളെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവിൽ അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| **(ബി)** ഒഴിവാക്കുന്നവർക്ക് പകരമായി ഉൾപ്പെടുത്തേണ്ടവരെ ഏതെല്ലാം മാനദണ്ഡമനുസരിച്ചാണ് തിരഞ്ഞെടുക്കുന്നത്; വിശദമാക്കാമോ; | **(ബി) യും (സി) യും** | സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30 ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും ഒഴിവുകൾ ലഭ്യമാകുന്ന മുറക്ക് മുൻഗണനാ |

വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ഇതുകൂടാതെ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18.09.2017 ലെ സ.ഉ. (സാധാ) നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരെയും പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**(സി)** ഒരു താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നവർക്ക് പകരമായി ആ താലൂക്ക് സപ്ലൈസ് ഓഫീസിന്റെ പരിധിയിൽ വരുന്നവരെയാണോ ഉൾപ്പെടുത്തുന്നത്; അല്ലെങ്കിൽ സംസ്ഥാന തലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണോ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

**സെക്ഷൻ ഓഫീസർ**